# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

## 'ആരോഗ്യ അദാലത്തി'ൽ ലഭിച്ച പരാതികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2311 — 19.6.2013 - ൽ മറുപടിയ്ക്ക്

ചോദ്യം — മറുപടി

| ശ്രീ. ബി. സത്യൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച 'ആരോഗ്യ അദാലത്തിൽ' ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ) | 25.4.2013 ന് നടന്ന ആരോഗ്യ അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കന്യാകുളങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തെ ഐ.പി.എച്ച്.എസ് നിലവാരത്തിലേയ്ക്ക് ഉയർത്തി ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പ ഡയറക്ടറുടെ പരിഗണനയിലാണ്. പ്രസ്തുത ശുപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br>2. പാറശ്ശാല താലൂക്കാശുപത്രിയെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തി ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.<br>3. ഡോ. കനക കുമാർ (പി.എച്ച്.സെന്റർ, വിഴിഞ്ഞം) നെ സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചു വരുന്നു.<br>അദാലത്തിൽ ലഭിച്ച താഴെ പറയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|
| 1 | സാമൂഹികാരോഗ്യ കേന്ദ്രം പൂന്തുറ | പുതിയ ഒ.പി. ബ്ലോക്ക് നിർമ്മാണം |
| 2 | സാമൂഹികാരോഗ്യ കേന്ദ്രം, കന്യാകുളങ്ങര | നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുന്നത് സംബന്ധിച്ച് |
| 3 | സാമൂഹികാരോഗ്യ കേന്ദ്രം, പൂവ്വാർ | എച്ച്.എം.സി ഫണ്ട് ഉപയോഗിച്ച് ജനറേറ്റർ വാങ്ങുന്നത് സംബന്ധിച്ച്<br><br>ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ |
| 4 | സാമൂഹികാരോഗ്യ കേന്ദ്രം, പെരുംകടവിള | ഓഫീസ് അറ്റൻന്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ |
| 5 | സാമൂഹികാരോഗ്യ കേന്ദ്രം , കേശവപുരം | 1. ചുറ്റുമതിൽ നിർമ്മാണം<br>2. സെക്യൂരിറ്റി ജീവനക്കാരനെ എച്ച.എം.സി. വഴി നിയമിക്കൽ |

ശെൽവരാജ്, ആലുവിള മേലേ പുത്തൻ വീടിന്റെ അപേക്ഷയിന്മേൽ മേൽപ്പടിയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു. ഭാരതീയ ചികിത്സാ വകുപ്പുമായി ബന്ധപ്പെട്ട് 11 പരാതികളാണ് ആരോഗ്യ അദാലത്തിലൂടെ ലഭിച്ചത്. ആയുർവേദ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, ഭൌതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ടുള്ളവയായിരുന്നു. പ്രസ്തുത പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

ഹോമിയോപ്പതി വകുപ്പിൽ 6 പരാതികളാണ് ലഭിച്ചിട്ടുള്ളത്. ഗവ. ഹോമിയോ ഹോസ്പിറ്റൽ കരകുളം, ഹോമിയോ ഡിസ്പെൻസറി, വിളവൂർക്കൽ, പൂവ്വാർ എന്നിവിടങ്ങളിൽ കെട്ടിടത്തിന്റെ ശോചനീയവസ്ഥ സംബന്ധിച്ച പരാതിയാണ് ലഭിച്ചത്. ഇതിന്മേൽ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവ. ഹോമിയോ ഹോസ്പിറ്റൽ, തിരുവനന്തപുരം ആസ്ബസ്റ്റോസ് ഷീറ്റിലുള്ള മേൽക്കൂര മാറ്റി പകരം വേണ്ട സംവിധാനം നടപ്പിലാക്കണമെന്ന പരാതിയിന്മേൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി നടന്നുവരുന്നു. ഗവ. ഹോമിയോ ഹോസ്പിറ്റൽ (ആറ്റിങ്ങൽ) - ൽ

| | | | |
|---|---|---|---|
| | | | മരുന്നുലഭ്യമാക്കണമെന്ന ആവശ്യപ്രകാരം മരുന്നു നൽകിയിട്ടുണ്ട്. പൂവാർ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്കുള്ള വഴിയിൽ ചപ്പുചവറുകൾ വലിച്ചെറിയുന്നതു സംബന്ധിച്ച് നടപടി സ്വീകരിക്കാൻ പഞ്ചായത്തിന് നിർദ്ദേശം നൽകി |
| ബി) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി എം. എൽ. എ. പ്രസ്തുത അദാലത്തിൽ നൽകിയ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | ബി) | ആറ്റിങ്ങൽ ആശുപത്രിയിൽ പേവിഷബാധക്കെതിരെയുള്ള മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ